ബി. എഡ്. പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് തയ്യാറാക്കുകയും ചെയ്തു. (പ്രോസ്പെക്ടസിന്റെ പകർപ്പ് അനുബന്ധമായി കൊടുത്തിരിക്കുന്നു.)†

(ബി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) എല്ലാ സർവ്വകലാശാലകളുടെയും മാനദണ്ഡങ്ങൾ ക്രോഡീകരിച്ചുകൊണ്ട് സംസ്ഥാനത്തിന് മുഴുവൻ ബാധകമാകത്തക്ക രീതിയിലാണ് പുതുക്കിയ മാനദണ്ഡം സ്വീകരിച്ചത്. മെറിറ്റ് ലിസ്റ്റിൽ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭ്യമാക്കുകയും അവരുടെ അക്കാഡമിക് നിലവാരം സംരക്ഷിക്കുകയും ചെയ്യുന്ന വിധത്തിലുള്ള മാനദണ്ഡങ്ങളാണ് അംഗീകരിച്ചിട്ടുള്ളത്. അതിനാൽ വിദ്യാർത്ഥികളെ ഇവ യാതൊരു തരത്തിലും പ്രതികൂലമായി ബാധിക്കുന്നില്ല.

സ്വാശ്രയ കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് ആനുകൂല്യങ്ങൾ

3 [230] ശ്രീ. കെ. കെ. ജയചന്ദ്രൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, വി. കെ. ചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളിൽ പഠനം നടത്തിവരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ വർഷത്തെ ഫീസ് ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) സ്വാശ്രയ കോളേജുകളിൽ പട്ടികജാതി വിഭാഗത്തിലെ കുട്ടികളോട് ഫീസ് ആവശ്യപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വാശ്രയ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് ആനുകൂല്യം അടിയന്തിരമായി ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly